"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്: - ജില്ലാ പഞ്ചായത്ത് ജീവനക്കാര്യം; - ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. അനിൽകുമാർ. പി യുടെ പാലക്കാട് ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.262/2023/LSGD തീയതി,തിരുവനന്തപുരം, 30-01-2023

---

പരാമർശം:-

1. സ.ഉ.(സാധാ)363/2020/എൽ.എസ്.ജി.ഡി, തീയതി 12/02/2020.
2. സ.ഉ.(സാധാ)312/2021/എൽ.എസ്.ജി.ഡി, തീയതി 05/02/2021.
3. സ.ഉ.(സാധാ)308/2022/എൽ.എസ്.ജി.ഡി, തീയതി 10/02/2022.
4. ശ്രീ. അനിൽകുമാർ പി, ഫിനാൻസ് ഓഫീസർ സമർപ്പിച്ച 25/10/2022 തീയതിയിലെ അപേക്ഷ.
5. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25/10/2022 തീയതിയിലെ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. അനിൽകുമാർ പി യെ പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നല്കിയിരുന്നു. പരാമർശം (2), (3) പ്രകാരം ടിയാന്റെ പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്ര സേവനം ദീർഘിപ്പിച്ചു നൽകി ഉത്തരവായിരുന്നു. ടി അന്യത്ര സേവനം 23/02/2023 ൽ അവസാനിക്കുന്നതിനാൽ 24/02/2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം ശ്രീ. അനിൽകുമാർ അപേക്ഷിക്കുകയും പരാമർശം (5) പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടിയാന്റെ അന്യത്ര സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. അനിൽകുമാർ പി-യുടെ പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 24/02/2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (നാലാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. അനിൽകുമാർ. പി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കാര്യാലയം, പാലക്കാട്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, ഐ. കെ. എം, തിരുനവനന്തപുരം.
5. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്. *(SPL-E2/244/2022-GAD Dated 28/01/2023)*
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഇപിബി1/7/2020/തസ്വഭവ നമ്പർ ഫയലിലേക്ക്).*